## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 329

24.02.2016-ൽ മറുപടിയ്ക്ക്

### റോഡപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.സി.എഫ്.തോമസ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മദ്യപിച്ചും, അലക്ഷ്യമായും, ട്രാഫിക്ക് നിയമങ്ങൾ പാലിക്കാതെയും വാഹനമോടിച്ച് അപകടമുണ്ടാക്കുന്നത് തടയാൻ സ്വീകരിച്ച നടപടികളും മുൻകരുതലുകളും എന്തെല്ലാം ; വ്യക്തമാക്കാമോ ; | (എ) മദ്യപിച്ചും, അലക്ഷ്യമായും ട്രാഫിക് നിയമങ്ങൾ പാലിക്കാതെയും വാഹനമോടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കർശന വാഹന പരിശോധന നടത്തി വരുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി ആൽക്കോ മീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ചു പരിശോധനകൾ നടത്തുകയും, മദ്യപിച്ചും അലക്ഷ്യമായും ട്രാഫിക്ക് നിയമങ്ങൾ പാലിക്കാതെയും വാഹനമോടിക്കുന്നവർക്കെതിരെ 279 IPC 118 (e) KP Act 184, 185 MV Act എന്നീ വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. മദ്യപിച്ചോ അലക്ഷ്യമായോ വാഹനമോടിച്ച് അപകടം ഉണ്ടാക്കി മറ്റ് യാത്രക്കാരുടെ മരണത്തിന് കാരണമാകുകയോ, ഗുരുതര പരിക്കേൽപ്പിക്കുകയോ ചെയ്യുന്നവരുടേയും, ഒന്നിൽ കൂടുതൽ തവണ, മദ്യപിച്ച് വാഹനമോടിച്ചവരുടേയും ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ്/റദ്ദ് ചെയ്യുന്നതിനായി ബന്ധപ്പെട്ട ആർ.റ്റി.ഒ |

മാർക്ക് റിപ്പോർട്ട് സമർപ്പിച്ചും വരുന്നു. ഇതിനുപുറമേ ട്രാഫിക്/ഹൈവേ/റഡാർ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കിയും, പ്രധാന റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, ഹൈവേ പട്രോളിംഗ് എന്നിവയുടെ സഹായത്താൽ കർശന വാഹനപരിശോധന നടത്തി വരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ സന്ദേശ ബോധവൽക്കരണ പരിപാടികൾക്കായി ട്രാഫിക് ഇലക്ട്രോണിക് പാർക്ക് വാഹനം ഉൾപ്പെടുത്തി കൊണ്ട് ബോധവൽക്കരണ ക്ലാസ്സുകൾ വിവിധ സന്നദ്ധസംഘടനകളുടെ ആസ്ഥാനങ്ങളിലും, സ്ക്കൂളുകൾ, കോളേജുകൾ, പൊതുമേഖലാ ആസ്ഥാനങ്ങൾ, റസിഡൻസ് അസ്സോസിയേഷൻ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലും നടത്തി വരുന്നു. ഗതാഗത വകുപ്പുമായും പൊതുമരാമത്ത് വകുപ്പുമായും ചേർന്ന് റോഡ് സുരക്ഷാ പദ്ധതിയും നടത്തി വരുന്നു.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനങ്ങൾ റോഡ് ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുമായി “ശുഭയാത്ര 2015” എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുമുണ്ട്.

(ബി) ഇപ്രകാരം അപകടത്തിൽപ്പെടുന്ന ആളുകളെ അടിയന്തരമായി ആശുപത്രിയിലെത്തിക്കുന്നതിലെ കാലതാമസം മൂലം ഇവർ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം അപകടമരണങ്ങൾ ആവർത്തിക്കാതിരിക്കാനും റോഡപകടങ്ങൾ ഇല്ലാതാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(ബി) & (സി) അപകടമരണങ്ങൾ ആവർത്തിക്കാതിരിക്കുവാനും റോഡപകടങ്ങൾ ഇല്ലാതാക്കുവാനും ആഭ്യന്തരം, ഗതാഗതം, ആരോഗ്യം എന്നീ വകുപ്പുകൾ സംയുക്തമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

മദ്യപിച്ച് വാഹനമോടിക്കുന്നവരെ ആൽക്കോമീറ്റർ ഉപയോഗിച്ച് കണ്ടു പിടിച്ച് 279 ഐ.പി.സി ആന്റ് 185 ഓഫ് എം.വി ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നുണ്ട്. മദ്യപിച്ച് വാഹനമോടിച്ചാൽ തനിക്കും മറ്റുള്ളവർക്കും അപകടമുണ്ടാകാനുള്ള സാധ്യതകളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ/ലഘു ലേഖകൾ/മാധ്യമങ്ങളിലൂടെയുള്ള പ്രചരണം എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ സ്പീഡ് റഡാർ, ഇന്റർ സെപ്റ്റർ എന്നിവ ഉപയോഗിച്ചും വാഹന വേഗതാ പരിധി പരിശോധിച്ചു വരുന്നു. അമിത വേഗതാ നിയന്ത്രണത്തിനായി സ്പീഡ് ബ്രേക്കറുകൾ, സ്പീഡ് റഡാർ എന്നിവയും, ബ്ലാക്ക് സ്പോട്ടുകളായ സ്ഥലങ്ങൾ കണ്ടുപിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നോഡൽ ഏജൻസിയായ കെൽട്രോണിന്റെ സഹായത്തോടെ ബ്ലിങ്കർ ലൈറ്റുകളും ട്രാഫിക്ക് സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ